നം എച്ച് 2/29303/2013

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം
തിരുവനന്തപുരം

തീയതി : 13.06.2013

## സർക്കുലർ

വിഷയം:- **പൊതുവിദ്യാഭ്യാസം - 2013-14 അധ്യയനവർഷത്തെ യു.ഐ.ഡി അധിഷ്ഠിത സ്റ്റാഫ് ഫിക്സേഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ച മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഈ വർഷം (2013-14) തസ്തിക നിർണ്ണയം നടത്തുന്നത് സ്കൂൾ കുട്ടികളുടെ യു.ഐ.ഡി അടിസ്ഥാനമാക്കിയാണ്. അതിനാൽ സ്കൂൾ അധികൃതർ വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിൽ (www.education.kerala.gov.in, www.itschool.gov.in) ഉൾപ്പെടുത്തേണ്ടതാണ്. ഓരോ സ്കൂളിലെയും അധ്യാപക-അധ്യാപകേതര ജീവനക്കാരുടെ തസ്തിക നിർണയം സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വിദ്യാർത്ഥികളുടെ യു.ഐ.ഡി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. 2013-14 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിവസം (10.06.2013) സ്കൂളിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ഓൺലൈനിൽ 20.06.2013-ന് മുമ്പ് അതത് സ്കൂൾ ഹെഡ്മാസ്റ്റർമാർ ഉൾപ്പെടുത്തേണ്ടതാണ്. സ്കൂളിലെ ആറാം പ്രവർത്തി ദിവസത്തെ എല്ലാ കുട്ടികളുടെയും വിശദാംശങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അതത് സ്കൂൾ ഹെഡ്മാസ്റ്റർമാർ ഉറപ്പുവരുത്തേണ്ടതാണ്.
2. വിദ്യാലയങ്ങൾ 2012-13 വർഷത്തെ സ്കൂൾ കുട്ടികളുടെ വിവരം ഓൺലൈനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കുട്ടികളിൽ 2013-14 അധ്യയന വർഷം സ്കൂളിലുണ്ടാകാൻ സാധ്യതയുള്ളവരുടെ (2012-13 ൽ പഠിച്ചിരുന്ന പത്താംക്ലാസ് ഒഴികെയുള്ള വിദ്യാർത്ഥികൾക്ക് ക്ലാസ് പ്രമോഷൻ നൽകി) വിശദാംശം ഓൺലൈൻ സംവിധാനത്തിൽ നിലനിർത്തിയിട്ടുണ്ട്. ഇതിൽ തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ ആവശ്യമെങ്കിൽ വരുത്തേണ്ടതാണ്.
3. വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള വെബ്സൈറ്റിൽ ഓരോ വിദ്യാലയവും മുമ്പ് ലഭ്യമാക്കിയിട്ടുള്ള യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് login ചെയ്ത് വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരം ഉൾപ്പെടുത്തേണ്ടതാണ്.
4. യു.ഐ.ഡി ലഭിച്ച വിദ്യാർത്ഥികളുടെ യു.ഐ.ഡി. ഓൺലൈനിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ യു.ഐ.ഡിയും, യു.ഐ.ഡി ലഭിക്കാത്ത ഇ.ഐ.ഡി ലഭിച്ച വിദ്യാർത്ഥികളുടെ 28 അക്ക ഇ.ഐ.ഡിയും ഓൺലൈനിൽ ചേർക്കേണ്ടതാണ്. യു.ഐ.ഡി/ഇ.ഐ.ഡി ലഭിക്കാത്ത വിദ്യാർത്ഥികളുടെ പേരു വിവരവും ഓൺലൈനിൽ ഉൾപ്പെടുത്തേണ്ടതാണ്.
5. ഓരോ വിദ്യാർഥിയേയും സംബന്ധിച്ച് ഓൺലൈനിൽ ഉൾപ്പെടുത്തുന്ന വിവരം ശ്രദ്ധാപൂർവ്വം പരിശോധിച്ച് കുട്ടിയുടെ പേരിനു നേരെയുള്ള check box ൽ ടിക് മാർക്ക് രേഖപ്പെടുത്തേണ്ടതാണ്. ഓരോ ക്ലാസ് ഡിവിഷനിലെയും എല്ലാ കുട്ടികളും ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്കൂൾതലത്തിൽ പരിശോധന നടത്തി

ഉറപ്പുവരുത്തുന്ന ക്ലാസ് ഡിവിഷനുകളിലേക്ക് വിവരം പുതുതായി ഉൾപ്പെടുത്തുന്നതിനോ കൂട്ടിച്ചേർക്കുന്നതിനോ സൗകര്യം ഉണ്ടായിരിക്കുന്നതല്ല. ഓരോ സ്കൂളിലെയും മുഴുവൻ കുട്ടികളുടെയും ക്ലാസ് ഡിവിഷൻ അടിസ്ഥാനത്തിൽ റിപ്പോർട്ട് പ്രിന്റെടുത്ത് ഹെഡ്മാസ്റ്റർ ഒപ്പിട്ട് അബ്സ്റ്റാക്റ്റിനൊപ്പം 2013 ജൂൺ 20-നകം ബന്ധപ്പെട്ട AEO/DEO യ്ക്ക് സമർപ്പിക്കേണ്ടതാണ്

6. എ.ഇ.ഒ/ഡി.ഇ.ഒ അവരവരുടെ അധികാരപരിധിയിലെ എല്ലാ വിദ്യാലയങ്ങളിൽ നിന്നും റിപ്പോർട്ട് ലഭിച്ചു എന്ന് ഉറപ്പുവരുത്തി 2013 ജൂൺ 24-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി വെബ്സൈറ്റിൽ data confirm ചെയ്യേണ്ടതാണ്.

യു.ഐ.ഡി ലഭിച്ച കുട്ടികളുടെ എണ്ണത്തിനനുസരിച്ച് 2013-14-ലെ സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതിനാൽ സ്കൂളുകളിൽ നിന്ന് ഓൺലൈനിൽ ഉൾപ്പെടുത്തുന്ന കുട്ടികളുടെ എണ്ണത്തിന്റെ കാര്യത്തിൽ പൂർണ്ണ ഉത്തരവാദി അതത് സ്കൂൾ ഹെഡ്മാസ്റ്ററായിരിക്കും.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ-മാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)
സ്റ്റോക്ക് ഫയൽ